"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി ലതിക ഫയൽ ചെയ്ത എൽ. എ. ആർ. 393/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക നൽകുന്നത് - ഭരണാനുമതി നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1928/2024/LSGD തീയതി, തിരുവനന്തപുരം, 15-10-2024**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം അഡീഷണൽ സബ് കോടതി II - ന്റെ എൽ.എ.ആർ.393/2009 നമ്പർ കേസിന്മേലുള്ള 23/03/2012-ലെ വിധിന്യായം.
2. സ.ഉ.(സാധാ) നം. 1021/2018/റവ, തീയതി 20/03/2018.
3. സ.ഉ.(സാധാ) നം. 32/2019/ധന തീയതി 18/03/2019.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 05/03/2024 തീയതിയിലെ എ3/1432/2009/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03/09/2024 തീയതിയിലെ കെ10-67174/12 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - എൻ.എച്ച്. ബൈപാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി ലതിക ഫയൽ ചെയ്ത എൽ. എ. ആർ. 393/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 4,97,891/- രൂപയും (നാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) 31/03/2024 വരെയുള്ള ബാലൻസ് വിധിക്കടത്തുകയായ 8,810/- രൂപയും (എണ്ണായിരത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) ഉൾപ്പെടെ ആകെ 5,06,701/- രൂപ (അഞ്ച് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റിയൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽപ്പറഞ്ഞ എൽ.എ.ആർ. 393/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് പരാമർശം (2) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച തുകയായ 4,97,891/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) 2075-00-800-05 എന്ന ശീർഷകത്തിലേക്ക് റിക്കപ്പ് ചെയ്യണമെന്ന് പരാമർശം (5) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നം. 1775-ൽ ഉൾപ്പെട്ടതും ശ്രീമതി ലതികയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.13 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി ലതിക ഫയൽ ചെയ്ത എൽ. എ. ആർ. 393/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് പരാമർശം (2) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച തുകയായ 4,97,891/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) 2075-00-800-05 എന്ന ശീർഷകത്തിലേക്ക് റിക്കുപ്പ് ചെയ്യുന്നതിനും ടി കേസിലെ 31/03/2024 വരെയുള്ള ബാലൻസ് വിധിക്കടത്തുകയായ 8,810/- രൂപ (എണ്ണായിരിത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) കക്ഷിയായ ശ്രീമതി ലതികയ്ക്ക് (D/o രത്നമ്മ, 'വൈകുണ്ഠം', ആനയറ, തിരുവനന്തപുരം) അനുവദിക്കുന്നതിനുമായി ആകെ 5,06,701/- രൂപ (അഞ്ച് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റിയൊന്ന് രൂപ മാത്രം) '4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ നിന്നും നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി ലതിക, D/o രത്നമ്മ, 'വൈകുണ്ഠം', ആനയറ, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/227/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 15-10-2024 16:26:32

സെക്ഷൻ ഓഫീസർ